# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>ബാര്‍ പൂട്ടിയതിനെത്തുടര്‍ന്ന് തൊഴില്‍ നഷ്ടപ്പെട്ടവര്‍</u>

872 ശ്രീ. ഇ. ചന്ദ്രശേഖരന്‍
,, പി. തിലോത്തമന്‍
,, കെ. രാജു
,, വി. ശശി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരളത്തിലെ ബാറുകളില്‍ എത്ര തൊഴിലാളികള്‍ നിലവില്‍ ജോലി ചെയ്യുന്നെന്ന് വ്യക്തമാക്കാമോ;

(ബി) ബാറുകള്‍ അടച്ചുപൂട്ടിയതിനെ തുടര്‍ന്ന് എത്ര തൊഴിലാളികള്‍ക്ക് തൊഴില്‍ നഷ്ടപ്പെട്ടെന്ന് വിശദമാക്കാമോ;

(സി) തൊഴില്‍ നഷ്ടപ്പെട്ട ബാര്‍ തൊഴിലാളികള്‍ക്ക് എന്തെങ്കിലും അനുകൂല്യം വിതരണം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത തൊഴിലാളികളുടെ ജീവനോപാധിക്കായി പുതിയ നടപടികള്‍ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>അസംഘടിത മേഖലയിലുള്ള സ്ത്രീതൊഴിലാളികളുടെ പ്രാഥമിക സൗകര്യങ്ങൾ</u>

873 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അസംഘടിതമേഖലയിലുള്ള സ്ത്രീ തൊഴിലാളികൾക്ക് പ്രാഥമിക സൗകര്യങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ലെന്നുള്ള പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത്തരം തൊഴിലാളികൾക്ക് അടിസ്ഥാന സൗകര്യമൊരുക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) ഇതിനുവേണ്ടി തൊഴിലുടമകളുമായി ചർച്ച നടത്തി നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

'അന്യസംസ്ഥാന തൊഴിലാളികളുടെ സുരക്ഷ'

874 ശ്രീ. പി. സി. ജോർജ്
,, എം. വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജോലിചെയ്യുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ എണ്ണം അനുദിനം വർദ്ധിച്ചുവരുന്നതായ വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലഭ്യമായ കണക്കുകൾ പ്രകാരം ഇപ്രകാരം ജോലി ചെയ്യുന്നവർ എത്രപേരുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കേരളത്തിന്റെ തൊഴിൽ മേഖലയിൽ പ്രത്യേകിച്ച് നിർമ്മാണ മേഖലയിൽ അന്യസംസ്ഥാന തൊഴിലാളികളുടെ സേവനം അവിഭാജ്യഘടകമായി മാറിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) അന്യ സംസ്ഥാന തൊഴിലാളികളുടെ തൊഴിൽ, ആരോഗ്യ-ജീവിത സാഹചര്യങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

<u>തോട്ടം തൊഴിലാളികളുടെ ശമ്പള വർദ്ധനവ്</u>

875 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തോട്ടം തൊഴിലാളികളുടെ ശമ്പളവർദ്ധനവുമായി ബന്ധപ്പെട്ട് പി.എൽ.സി വിളിച്ചുചേർക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പി.എൽ.സി വിളിച്ചു ചേർക്കുന്നതിനു എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്;

(സി) ഇല്ലെങ്കിൽ പി.എൽ.സി വിളിച്ചു ചേർക്കാൻ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് – നൈപുണ്യ പരിശീലനവും നവീകരണവും</u>

876 ശ്രീ. മോൻസ് ജോസഫ്
'' സി.എഫ്. തോമസ്
'' റ്റി.യു. കുരുവിള
'' തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതർക്ക് നൈപുണ്യ പരിശീലനം വ്യാപകമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ നവീകരിക്കുന്നതിനും സ്വകാര്യ മേഖലയിൽ ഉൾപ്പെടെ തൊഴിൽ പരിചയമുള്ളവരെ ലഭ്യമാക്കുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തവരെ പരിഗണിക്കുന്നതിനും നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 11.06.2014-ലെ മറുപടിക്ക്

<u>എംപ്ലോയ്മെന്റ് എക്സേഞ്ചുകളിൽ രജിസ്റ്റർ ചെയ്തവരുടെ എണ്ണം</u>

877 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത തൊഴിലില്ലാത്ത യുവതി-യുവാക്കളുടെ ആകെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) രജിസ്റ്റർ ചെയ്ത് 20 വർഷമായിട്ടും ഒരു തൊഴിലും ലഭിക്കാത്തവർ എത്ര പേരുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സർക്കാർ സ്ഥാപനങ്ങളിലും, പൊതുമേഖലാസ്ഥാപനങ്ങളിലും പി.എസ്.സി മുഖേന അല്ലാത്ത നിയമനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത തൊഴിലില്ലാത്തവർക്ക് നിയമനം ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

അക്കാഡമി ഫോർ സ്കിൽഡ് എക്സലൻസ്

878 ശ്രീ. പി. സി. വിഷ്ണുനാഥ്
,, സണ്ണി ജോസഫ്
,, പി. എ. മാധവൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അക്കാഡമി ഫോർ സ്കിൽഡ് എക്സലൻസ് സ്ഥാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത അക്കാഡമിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) എതെല്ലാം പദ്ധതികളാണ് പ്രസ്തുത സ്ഥാപനം വഴി നടപ്പിലാക്കിയത്;

(ഡി) പ്രസ്തുത അക്കാഡമി ഏതെല്ലാം തൊഴിൽ മേഖലയിലാണ് പദ്ധതികൾ നടപ്പിലാക്കിയത്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

ചാത്തന്നൂരിലെ കൺസ്ട്രക്ഷൻ അക്കാഡമി

879 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂരിൽ സ്ഥാപിക്കുന്ന കൺസ്ട്രക്ഷൻ അക്കാഡമിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചത് എന്നാണ്; കഴിഞ്ഞ എൽ. ഡി. എഫ് സർക്കാർ പ്രസ്തുത സ്ഥാപനം പ്രവർത്തിപ്പിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരുന്നത്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സ്ഥാപനം പ്രവർത്തിപ്പിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) കൺസ്ട്രക്ഷൻ അക്കാഡമി പ്രാവർത്തികമാക്കുവാൻ കേരളാ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരളയോട് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവോ; എങ്കിൽ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നത് എന്നാണെന്നും എത്ര ദിവസങ്ങൾക്കകം പ്രോജക്ട് നൽകുവാൻ ആവശ്യപ്പെട്ടിരുന്നതെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രോജക്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ; കൺസ്ട്രക്ഷൻ അക്കാഡമി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും സമിതിക്കോ, കമ്മിറ്റിക്കോ രുപം നൽകിയിട്ടുണ്ടോ; എങ്കിൽ ആരൊക്കെയാണ് പ്രസ്തുത കമ്മിറ്റിയിലെ അംഗങ്ങൾ എന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത കമ്മിറ്റി ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം എത്ര പ്രാവശ്യം യോഗം ചേർന്നിട്ടുണ്ടെന്നും എന്തൊക്കെ തീരുമാനങ്ങൾ കൈക്കൊണ്ടുവെന്നുമുളള വിശദാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 11.06.2014-ലെ മറുപടിക്ക്

<u>ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി</u>

880 ശ്രീ. കെ.എം. ഷാജി
,, കെ.എൻ.എ. ഖാദർ
,, വി.എം. ഉമ്മർ മാസ്റ്റർ
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിലെ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം തൊഴിലാളികൾക്ക് കൂടുതൽ ഉപകാരപ്രദമാക്കുന്നതു സംബന്ധിച്ച നയം വ്യക്തമാക്കുമോ;

(ബി) എല്ലാ തൊഴിൽ മേഖലകളിലെയും തൊഴിലാളികളെ ഉൾക്കൊള്ളാൻ നിലവിലെ ക്ഷേമനിധി ബോർഡുകൾ മുഖേന സാധിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എല്ലാ തൊഴിലാളികളെയും ഉൾക്കൊള്ളാൻ ഉദ്ദേശിച്ച് പുതിയ ക്ഷേമനിധി ബോർഡുകൾ രൂപവത്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നല്കാമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

**<u>ക്ഷേമനിധി ആനുകൂല്യങ്ങൾക്ക് ആധാർ നിർബന്ധമാക്കൽ</u>**

881 ശ്രീ. എ.റ്റി. ജോർജ്
,, ഡൊമിനിക് പ്രസന്റേഷൻ
,, ഷാഫി പറമ്പിൽ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷേമനിധി ആനുകൂല്യങ്ങൾ ആധാർ അധിഷ്ഠിത ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ;

(ബി) പ്രസ്തുത സംവിധാനം വഴിയുള്ള ആനുകൂല്യങ്ങൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>മോട്ടോർ തൊഴിലാളി ക്ഷേമനിധി വിഹിതം അടയ്ക്കുന്നതിന് ഏകീകൃത സംവിധാനം</u>

882 ശ്രീ.എ.എ. അസീസ്

താഴെ കാണുന്ന ചോദ്യത്തിന്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഏത് ആർ. ടി. ഒ. ഓഫീസിൽ രജിസ്റ്റർ ചെയ്താലും കേരളത്തിലെവിടെയുമുള്ള ക്ഷേമനിധി ഓഫീസുകളിൽ ക്ഷേമനിധി വിഹിതം അടയ്ക്കുവാനുള്ള സംവിധാനം നടപ്പിലാക്കുമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>ഇൻകം ടാക്സ് എക്സംഷൻ ഉള്ള ക്ഷേമ നിധി ബോർഡുകൾ</u>

883 ശ്രീ.വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇൻകം ടാക്സ് എക്സംഷൻ ലഭ്യമായിട്ടുള്ള ഏതൊക്കെ ബോർഡുകളാണുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ബോർഡുകൾക്ക് അനുവദിച്ച ഇൻകം ടാക്സ് എക്സംഷനുകളുടെ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

<u>കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആനുകൂല്യങ്ങൾ</u>

884 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആനുകൂല്യങ്ങൾ സാമ്പത്തിക പ്രതിസന്ധി മൂലം കുടിശ്ശികയായിട്ടുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) നിലവിൽ ആനുകൂല്യങ്ങൾ കുടിശ്ശികയായിട്ടുള്ള അപേക്ഷകളുടെ വിവരം ഇനം, എണ്ണം, കുടിശ്ശിക തുക എന്നിവ സഹിതം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കമോ;

(സി) അപേക്ഷയുടെ കുടിശ്ശിക തീർപ്പ് സാദ്ധ്യമാക്കുന്നതിന് വേണ്ടി അടിയന്തിര ധനസഹായം ലഭ്യമാക്കുന്നതിന് തയ്യാറാകുമോ;

(ഡി) ബോർഡിന്റെ സമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് കാലോചിതമായ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കുന്നത്തിന്റെ ഭാഗമായി അംഗീകൃത കർഷക തൊഴിലാളി സംഘടനകളുമായി ചർച്ച നടത്തുവാൻ തീരുമാനം കൈക്കൊള്ളുമോ?

# കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

<u>കൊരട്ടി വൈഗ ത്രെഡ്സ് പ്രോസസേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് – ലെ തൊഴിൽ പ്രശ്നങ്ങൾ</u>

885 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും വ്യാവസായ വകുപ്പ്, തൊഴിൽ വകുപ്പ്, റവന്യൂ വകുപ്പ് മന്ത്രിമാരുടേയും സാന്നിദ്ധ്യത്തിൽ നടത്തിയ വിവിധ ചർച്ചകൾക്കു ശേഷവും കൊരട്ടി വൈഗാ ത്രെഡ്സ് പ്രോസസേഴ്സ് പ്രൈവറ്റ് ലിമിറ്റഡിലെ തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കാതെ നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിവിധ ചർച്ചകളിലുണ്ടായ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനും തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(സി) സ്വീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലാ ആശുപത്രിയിൽ തൊഴിലാളി വാർഡ് നിർമ്മാണം</u>

886 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാ ആശുപത്രിയിൽ തൊഴിലാളി വാർഡ് നിർമ്മിക്കുന്നത് തൊഴിൽ വകുപ്പിന്റെ പരിഗണനയിൽ ഉണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഇതിനാവശ്യമായ തുക ഏതെല്ലാം ക്ഷേമനിധി ബോർഡുകൾ നല്കാമെന്ന് സമ്മതിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

**കാസർഗോഡ് ജില്ലയിലെ അംഗീകൃത സെക്യൂരിറ്റി ഏജൻസികൾ**

887 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ സെക്യൂരിറ്റി മേഖലയിൽ പ്രവർത്തിക്കുന്ന അംഗീകൃത ഏജൻസികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ ഏജൻസിക്ക് കീഴിലും എത്ര വീതം സെക്യൂരിറ്റി ജീവനക്കാർ ജോലിചെയ്യുന്നുവെന്നുള്ള ലിസ്റ്റ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

<u>പ്ലേസ്മെന്റ് പോർട്ടൽ പദ്ധതി</u>

888 ശ്രീ. കെ. ശിവദാസൻ നായർ
,, ലൂഡി ലൂയിസ്
,, എം. എ. വാഹീദ്
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്ലേസ്മെന്റ് പോർട്ടൽ വഴി തൊഴിലവസരങ്ങൾ കണ്ടെത്തുന്ന പദ്ധതി ഐ.റ്റി.ഐ. കളിൽ നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) സംസ്ഥാനത്തെ എല്ലാ ഐ.റ്റി.ഐ. കളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുമോ ?

## കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>ഐ.റ്റി.ഐ. കളിൽ വെർച്ച്വൽ ക്ലാസ് റൂം</u>

889 ശ്രീ. ആർ. സെൽവരാജ്
,, എം. പി. വിൻസെന്റ്
,, പി. സി. വിഷ്ണുനാഥ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.ടി.ഐ.കളിൽ വെർച്ച്വൽ ക്ലാസ് റൂം ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) വെർച്ച്വൽ ക്ലാസ് റൂമിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) വെർച്ച്വൽ ക്ലാസ് റൂമിൽ എന്തെല്ലാം ആധുനിക സാങ്കേതിക വിദ്യകളാണ് ഉപയോഗിക്കുന്നത് ;

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് ഇവ നടപ്പാക്കുന്നത് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>എസ്.സി.എസ്.റ്റി വകുപ്പിൻ കീഴിലുള്ള ഐ.റ്റി.ഐ.കൾ തൊഴിൽ വകുപ്പിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ</u>

890 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്.സി. എസ്.റ്റി. വകുപ്പുകളുടെ നിയന്ത്രണത്തിലുള്ള ഐ.റ്റി.ഐ. കൾ തൊഴിൽ വകുപ്പിന് കൈമാറാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച പ്രവർത്തനങ്ങൾ ഏതുവരെയായെന്ന് വ്യക്തമാക്കുമോ;

(ബി) കൈമാറ്റത്തിനുള്ള വ്യവസ്ഥകൾ വിശദമാക്കുമോ;

(സി) എസ്.സി. എസ്.റ്റി. വകുപ്പുകളിൽ നിന്നും മാറി പൊതു ഐ.റ്റി.ഐ. കളായി മാറുമ്പോൾ എസ്.സി. എസ്.റ്റി. വിദ്യാർത്ഥികൾക്ക് നൽകിയിരുന്ന പ്രവേശനത്തിലെ മുൻഗണന തുടർന്നും ലഭിക്കുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>ബാലുശ്ശേരിയിൽ അന്തർദേശീയ നിലവാരത്തിലുള്ള പുതിയ ഐ.റ്റി.ഐ.</u>

891 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്തർദേശീയ നിലവാരത്തിലുള്ള ഐ.റ്റി.ഐ. കൾ സ്ഥാപിക്കുന്നതിന് ഭൂമി ലഭ്യമാക്കാമെന്ന് ഏതെല്ലാം അസംബ്ലി മണ്ഡലങ്ങളിൽ നിന്നും ഉറപ്പ് ലഭിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത രീതിയിലുള്ള തൊഴിൽ പരിശീലന സ്ഥാപനം ആരംഭിക്കുന്നതിന് ഭൂമി ലഭ്യമാക്കാമെന്ന് ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിൽ നിന്ന് സമർപ്പിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് എവിടെയെങ്കിലും പ്രസ്തുത രീതിയിലുള്ള സ്ഥാപനം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

<u>കല്ല്യാശ്ശേരി മാടായിയിലെ ഐ. റ്റി. ഐ കെട്ടിട നിർമ്മാണം</u>

892 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി ഐ. റ്റി.ഐ കെട്ടിടത്തിന്റെ നിർമ്മാണപുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കെട്ടിടം എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഐ. റ്റി.ഐ യിൽ നൂതനമായ കോഴ്സുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

ഒറ്റപ്പാലത്ത് ഐ.റ്റി. ഐ. സ്ഥാപിക്കൽ

893 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ ഒരു ഐ.റ്റി.ഐ. പോലും ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒറ്റപ്പാലത്തെ കരിമ്പുഴ ഗ്രാമപഞ്ചായത്തിലെ എലമ്പുലാശ്ശേരിയിൽ ഐ.റ്റി.ഐ. സ്ഥാപിക്കാൻ തീരുമാനം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനങ്ങൾ ഏതുവരെയായി എന്ന് വ്യക്തമാക്കാമോ;

(സി) ഈ അദ്ധ്യയന വർഷാരംഭത്തിൽ തന്നെ ഐ.റ്റി.ഐ. യുടെ പ്രവർത്തനം ആരംഭിക്കാൻ കഴിയും എന്ന് ഉറപ്പു നൽകാനാകുമോ എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>ചേര്‍പ്പ് ഐ.ടി.ഐ - ക്ക് ഭൂമി</u>

894 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ചേര്‍പ്പ് ഐ.ടി.ഐ. യ്ക്കു വേണ്ടി അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് വക ഭൂമി കൈമാറുന്നതു സംബന്ധിച്ച നടപടികള്‍ പൂര്‍ത്തിയായിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ഒരു ഏക്കറില്‍ കുറഞ്ഞ സ്ഥലത്ത് ഏതെങ്കിലും ഐ.ടി.ഐ. കള്‍ക്ക് അംഗീകാരം നല്‍കിയിട്ടുണ്ടോ; ഉണ്ടെങ്കില്‍ ഏതെല്ലാമെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>ഇളമാട് ഐ.ടി.ഐ. കെട്ടിട നിർമ്മാണം</u>

895 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇളമാട് ഐ.ടി.ഐ. യുടെ പ്രവർത്തനം സുഗമമാക്കുന്നതിനുവേണ്ടി അനുവദിച്ചുത്തരവായ കെട്ടിട നിർമ്മാണ പ്രവർത്തനം ത്വരിതഗതിയിൽ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) ഇതിന്റെ നിലവിലുള്ള അവസ്ഥ എപ്രകാരമാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

<u>സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി</u>

896 ശ്രീ. പി. കെ. ഗുരുദാസൻ
,, ജെയിംസ് മാത്യു
,, എ. എം. ആരിഫ്
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ നിന്നു ലക്ഷക്കണക്കിനു പാവപ്പെട്ട കുടുംബങ്ങൾ പുറത്തായതായി വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിക്കുകയുണ്ടായോ; വിശദവിവരം നൽകാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ അംഗത്വം പുതുക്കാനായി അക്ഷയ കേന്ദ്രങ്ങളെയും കുടുംബശ്രീ കേന്ദ്രങ്ങളേയും ഒഴിവാക്കാനുള്ള കാരണം വ്യക്തമാക്കാമോ;

(സി) കാർഡ് നൽകാൻ വൈകുന്നതു കാരണം നിരവധി പേർക്ക് ചികിത്സാ ആനുകൂല്യം നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കാർഡ് പുതുക്കലിനായി റിലയൻസ് ഇൻഷുറൻസ് കമ്പനി നിശ്ചയിക്കുന്ന ഏജൻസികളെ സമീപിക്കണമെന്ന നിബന്ധന കരാർ ലംഘനമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

<u>സർക്കാർ ജീവനക്കാർക്ക് സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി</u>

897 ശ്രീ. പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആശുപത്രി ചെലവുകൾ ദൈനംദിനം വർദ്ധിച്ച് വരുന്ന ഇപ്പോഴത്തെ സാഹചര്യത്തിൽ, പൊതുജനങ്ങൾക്ക് നടപ്പിലാക്കിയതുപോലെ ഒരു സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി സർക്കാർ ജീവനക്കാർക്കായി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ എല്ലാമാസവും ഒരു നിശ്ചിത തുക പ്രീമിയമായി സ്വീകരിച്ച് എല്ലാ സർക്കാർ ജീവനക്കാർക്കും അവരുടെ കുടുംബാംഗങ്ങൾക്കും വേണ്ടി ഒരു സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>ഹെൽത്ത് ഇൻഷ്വറൻസ് പദ്ധതി</u>

898 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹെൽത്ത് ഇൻഷുറൻസ് കാർഡ് പദ്ധതി ഫലപ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രയാളുകൾക്ക് അതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം എത്ര രൂപയാണ് അനുവദിച്ചത് എന്ന് വ്യക്തമാക്കാമോ;

(ഡി) എത്ര രൂപയാണ് രോഗികൾക്ക് ആശ്വാസമായി ലഭിച്ചതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

<u>മാരകരോഗങ്ങൾ ബാധിച്ചവരെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പരിധിയിൽ ഉൾപ്പെടുത്താൻ നടപടി</u>

899 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമഗ്ര ആരോഗ്യ ഇൻഷുറൻസ് പരിധിയിൽ ഏതെല്ലാം ജനവിഭാഗങ്ങളാണ് ഉൾപ്പെടുന്നത്;

(ബി) വിവിധ സാമൂഹ്യക്ഷേമ പെൻഷനുകൾ ലഭിക്കുന്നവർ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) കാൻസർ – ഡയാലിസിസ് രോഗികൾ മറ്റു മാരകമായ രോഗം ബാധിച്ചവർ എന്നിവർക്ക് പ്രതിമാസ ധനസഹായം നൽകുന്നുണ്ടെങ്കിലും സമഗ്ര ആരോഗ്യ ഇൻഷുറൻസ് പരിധിയിൽ പ്രസ്തുത വിഭാഗങ്ങൾപെടുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത വിഭാഗങ്ങളെയും സമഗ്ര ആരോഗ്യ ഇൻഷുറൻസ് പരിധിയിൽ ഉൾപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

ഇ.എസ്.ഐ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

900 ശ്രീ. സി. പി. മുഹമ്മദ്
,, വർക്കല കഹാർ
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.ഐ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനുള്ള ശമ്പളപരിധി ഉയർത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇതുമൂലം ഗുണഭോക്താക്കൾക്ക് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) ശമ്പളപരിധി ഉയർത്തിയതുമൂലം ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ ലഭിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>പാരിപ്പള്ളി ഇ.എസ്.ഐ. ആശുപത്രയിലെ പുറംകരാർ നിയമനം</u>

901 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജിൽ പുറംകരാർ നിയമനം നടത്തുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ ;

(ബി) കരാർ അടിസ്ഥാനത്തിൽ ഏതെല്ലാം തസ്തികയിലാണ് നിയമനം നടത്താൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) കരാർ നിയമനത്തിന് പകരം സ്ഥിരം നിയമനം നടത്തുന്നതിന് വേണ്ടി കേന്ദ്രതൊഴിൽ വകുപ്പിൽ സമ്മർദ്ദം ചെലുത്തുമോ ?

# കേരള നിയമസഭ
## 11.06.2014-ലെ മറുപടിക്ക്

<u>പാരിപ്പള്ളി മെഡിക്കൽ കോളേജിലെ ക്ലാസുകൾ</u>

902 ശ്രീ. പി.കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാരിപ്പള്ളി മെഡിക്കൽ കോളേജിൽ ഈ അദ്ധ്യയന വർഷം മെഡിക്കൽ ക്ലാസുകൾ ആരംഭിക്കുമോ ; എങ്കിൽ അഡ്മിഷന്റെ ഘടന സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ഇല്ലെങ്കിൽ ക്ലാസുകൾ വൈകുന്നതിനുള്ള കാരണം വിശദമാക്കുമോ ;

(ബി) പാരിപ്പള്ളിയിലെ നിർദ്ദിഷ്ട മെഡിക്കൽ കോളേജിന്റെ അംഗീകാരത്തിനുള്ള മെഡിക്കൽ കൗൺസിൽ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; ലഭിച്ചെങ്കിൽ എന്ന് ലഭിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) മെഡിക്കൽ കൗൺസിൽ പ്രതിനിധികൾ എന്നാണ് മെഡിക്കൽ കോളേജ് സന്ദർശിച്ചതെന്ന് വ്യക്തമാക്കുമോ ;

(ഡി) മെഡിക്കൽ കൗൺസിൽ അംഗീകാരം ലഭിക്കാതെ മെഡിക്കൽ കോളേജിന്റെ ഉത്ഘാടനം നിർവ്വഹിച്ചതായി അറിയുമോ ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 11.06.2014–ലെ മറുപടിക്ക്

<u>കശുവണ്ടിത്തൊഴിലാളികളുടെ മരണാനന്തര ഫണ്ട്</u>

903 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കശുവണ്ടിത്തൊഴിലാളി മരണപ്പെട്ടാൽ ബന്ധുക്കൾക്ക് ലഭിക്കേണ്ട മരണാനന്തര ധനസഹായം ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) കഴിഞ്ഞ ഒരു വർഷക്കാലമായി പ്രസ്തുത ധനസഹായം ലഭിക്കുന്നതിന് അപേക്ഷിച്ചവരുടെ എണ്ണവും വിതരണം ചെയ്ത തുകയുടെ കണക്കും വിശദമാക്കാമോ; ജില്ല തിരിച്ചുള്ള കണക്കും ലഭ്യമാക്കുമോ ;

(സി) മരണാനന്തര ധനസഹായം യഥാസമയം നൽകുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ?